SVALPS KARIKKAD

# അക്കാദമിക്

# മാസ്റ്റർ പ്ലാൻ

# 2025-2026




# ആമുഖം

വിദ്യയുടെ ചരിത്ര സോപനങ്ങളിലേക്ക് തദ്ദേശവാസികളെ കൈപിടിച്ചുയർത്തുവാനും ഗ്രാമത്തിന്റെ സാംസ്കാരിക ദർപ്പണമാവാനും ഏറെക്കുറെ സാധിച്ച ഷണ്മുഖ വിലാസം headed ലോവർ പ്രൈമറി സ്കൂളിന് പതിറ്റാണ്ടുകളുടെ പാരമ്പര്യമുണ്ട്. പിൻതിരിഞ്ഞു നോക്കുമ്പോൾ ഇടുങ്ങിയ വഴിത്താരകൾ പിന്നിട്ടു തെളിച്ചവും വെളിച്ചവുമുള്ള പാതയിലേക്ക് അടിവെച്ച എത്തുകയായിരുന്നു വിദ്യാലയമെന്നു കാണാം. മഞ്ചേരി എളങ്കൂർ വണ്ടൂർ റോഡിൽ ചരണി ജംഗ്ഷനിൽ നിന്നും ഏകദേശം 750.മതി ദൂരെ റോഡിന്റെ ഇരുവശത്തുമായാണ് സ്കൂൾ സ്ഥിതി ചെയുന്നത്. തൃക്കലങ്ങോട് ഗ്രാമപഞ്ചായത്തിലെ കരിക്കാട്, മരത്താണി, കുമംകുളം എന്നീ ഭാഗങ്ങളിൽ നിന്നുള്ള കുട്ടികളാണ് ഇവിടെ പഠിക്കുന്നത്.

1941-ൽ ഏക അധ്യാപക വിദ്യാലയമായി പ്രവർത്തനമാരംഭിച്ച പിന്നീട് അഞ്ചാം തരം വരെയുള്ള സ്കൂൾ ആയി ഉയർത്തി . 1961-ൽ ലോവർ പ്രൈമറി വിഭാഗത്തിൽനിന്ന് 5ാം തരം എടുത്തു കളഞ്ഞു. 1980 മുതൽ സ്കൂൾ മാനേജ്മെന്റ് ശ്രീ പി.എം. നാരായണൻകുട്ടി മാസ്റ്റർ ഏറ്റെടുത്തു.

സ്കൂളിനോട് വിട പറഞ്ഞ പലരും മെഡിക്കൽ എൻജിനീയറിങ് മേഖലകളിലും സാമൂഹിക കലാസാംസ്കാരിക രംഗങ്ങളിലും എടുത്തു പറയത്തക്ക നേട്ടങ്ങൾ കൈവരിച്ചുകൊണ്ട് പ്രശോഭിക്കുന്നു.



# SVALP SCHOOL KARIKKAD
# THRIKKALANGODE.P.O
# MANJERI

## നിലവിലെ അവസ്ഥ

രണ്ട് ബിൽഡിങ്ങുകളിലായി **13** ക്ലാസ് മുറികൾ ഉണ്ട്. അതിൽ പത്തു ക്ലാസുകളിലായി **150** വിദ്യാർത്ഥികൾ ഇവിടെ പഠിക്കുന്നു. ഈ വിദ്യാലയത്തിൽ **Head master** അടക്കം **12** അധ്യാപകർ സേവനമനുഷ്ഠിക്കുന്നു. യാത്ര സൗകര്യത്തിനായി ക്വാളിസ്, ബസ്,ഓട്ടോറിക്ഷ എന്നീ വാഹനസൗകര്യങ്ങൾ ഉണ്ട്. ഉച്ചഭക്ഷണം ക്ലീനിങ് എന്നിവയുമായി ബന്ധപ്പെട്ട മൂന്ന് ചേച്ചിമാരുടെ സേവനം ലഭ്യമാണ്.

സ്കൂളിൽ എല്ലാ ക്ലാസ് മുറികളിലും ടൈൽ പാകിയും നവീകരിച്ച വായനാമൂല സജ്ജീകരിച്ചിട്ടും ഉണ്ട്. ഇതിൽ രണ്ട് ക്ലാസ് മുറികൾ **Smart Room** ക്ലാസുകളാണ്. **KG** ഒന്ന് ക്ലാസുകൾ പ്രവർത്തിക്കുന്ന കെട്ടിടത്തിൽ കുട്ടികൾക്ക് കളിക്കുന്നതിനായി പാർക്ക് സജ്ജീകരിച്ചിട്ടുണ്ട്.

# ലക്ഷ്യം

എല്ലാ വിദ്യാർത്ഥികളുടെയും പഠന നേട്ടം ഉറപ്പുവരുത്തുകയും അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുകയും ചെയ്യൽ.

നവകേരള മിഷന്റെ ഭാഗമായി സർക്കാർ പ്രഖ്യാപിച്ച പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം ഫലപ്രാപ്തിയിൽ എത്തിക്കുന്നതിനായി പൂർണമായും എല്ലാ വിദ്യാർത്ഥികളെയും ഉൾക്കൊള്ളിച്ചുകൊണ്ട് തുല്യതയും ഗുണനിലവാരമുള്ളതുമായി വിദ്യാഭ്യാസ ഉറപ്പാക്കുകയും ചെയ്യുക എന്ന ദൗത്യം പൂർത്തീകരിക്കുന്നതിന് വേണ്ടി തയ്യാറാക്കിയ കർമ്മ പദ്ധതിയുടെ രൂപ രേഖയാണിത്.

ഭാഷ,പരിസര പഠനം,ഗണിതം,ഇംഗ്ലീഷ്,എന്നീ വിഷയങ്ങൾക്ക് പ്രാധാന്യം നൽകുന്ന കർമ്മപദ്ധതി രക്ഷിതാക്കളുടെ സജീവമായ പിന്തുണ ഉറപ്പാക്കുന്ന വിധത്തിലാണ് രൂപകൽപന ചെയ്തിട്ടുള്ളത്.കുട്ടികളിൽ ഉണ്ടാവുന്ന പഠന വിടവുകൾ നികത്തുകയും പഠന പ്രവർത്തനങ്ങൾ കൂടുതൽ ആസ്വാദ്യം ആക്കുക,സ്വയം ഏറ്റെടുക്കൽ മനോഭാവം വളർത്തുക, സ്വയം വിലയിരുത്തൽ,പരസ്പരം വിലയിരുത്തൽ,പഠന പ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്തൽ തുടങ്ങിയവ ഈ പദ്ധതിയിൽ ഉൾക്കൊള്ളുന്നു.



## വിഷയം:ENGLISH

### ലക്ഷ്യം:ഇംഗ്ലീഷ് ഭാഷാ പഠനത്തിന് ആവശ്യമായ പഠനാന്തരീക്ഷം ഒരുക്കാം

**ഒന്ന് രണ്ട് മൂന്ന് നാല് ക്ലാസുകളിലെ കുട്ടികൾക്ക് ഇംഗ്ലീഷ് ഭാഷ ആശയവിനിമയശേഷി കൂടുതൽ എളുപ്പമാക്കാനും ഭാഷ അനായാസം കൈകാര്യം ചെയ്യാൻ സാധിക്കുന്നതിനും അതോടൊപ്പം ഇംഗ്ലീഷിനോടുള്ള താല്പര്യമുണ്ടാക്കി എടുക്കുന്നതിനും പാഠപുസ്തകങ്ങൾക്ക് അപ്പുറത്തേക്കുള്ള പഠനാന്തരീക്ഷം ഒരുക്കുന്നതിനും വേണ്ടി അധ്യാപകരും, PTA യുടെയും സഹായത്തോടെ നടപ്പിലാക്കുന്ന പ്രവർത്തന പദ്ധതികൾ**

| പ്രവർത്തനം | പ്രവർത്തന വിശദാംശങ്ങൾ | കാലം | ചുമതല | Fund |
|---|---|---|---|---|
| 1.പ്രീ ടെസ്റ്റ് | പിന്നോക്കക്കാരെ കണ്ടെത്തൽ | Second week | Class Teacher | |
| 2.Picture Reading | ചിത്രങ്ങൾ നൽകി പരമാവധി പദങ്ങൾ പറയുന്ന എഴുതുന്ന പദസമ്പത്ത് വർദ്ധിപ്പിക്കുന്ന | June to March | Class teacher | 200 |
| 3.Sentence Making | ടീച്ചർ ഒരു പദം പറയുന്ന അതിനെക്കുറിച്ച് പരമാവധി സവിശേഷതകൾ കണ്ടെത്തി കുട്ടികൾ പ്രതികരിക്കുന്ന | June to March | Class Teacher | |
| 4.English Assembly | സ്വയം പരിചയപ്പെടുത്തൽ പത്രങ്ങളുടെ തലക്കെട്ട് അവതരണം ക്ലാസ് പ്രവർത്തനം പത്ര വാർത്തയാക്കി മാറ്റൽ ഇഷ്ടമുള്ള വസ്തുവിനെ കുറിച്ച് അവതരണം ദിനാചരണങ്ങളുടെ കുറിപ്പ് മഹത് വചനങ്ങൾ story poem അവതരിപ്പിക്കൽ (ക്ലാസ് തരത്തിൽ അവസരം നൽകൽ) | Once a week<br>June to March | All Teachers<br>PTA | 3000 |
| 5.English | ഗ്രൂപ്പ് തലത്തിൽ പത്രവായന | | | |

| | | | | |
|---|---|---|---|---|
| Newspaper | പത്രം ക്ലിപ്പ് ചെയ്യിടൽ പദം കണ്ടെത്തൽ ചിത്ര വായനയ്ക്ക് അവസരം നൽകൽ | June to March | All Teachers | |
| 6.Collection | പരിചിതമായ വസ്തുക്കളുടെ കവറുകൾ ശേഖരിക്കാൻ ക്ലാസിൽ പ്രദർശിപ്പിക്കൽ അവതരിപ്പിക്കൽ | June to March | All Teachers | 500 |
| 7.Making English Surrounings | സ്കൂളിന് അകത്തും പുറത്തും വാക്കുകളും വാക്യങ്ങളും എഴുതി ഒട്ടിക്കൽ വാക്യങ്ങൾ നിർമ്മിച്ച ബോക്സിൽ നിക്ഷേപിക്കൽ ടീച്ചർ പറയുന്ന വാക്യം ബോക്സിൽ നിന്ന് കണ്ടെത്തി അവതരിപ്പിക്കൽ | Once in two week | Teachers | 1000 |
| 8.Game& Rhyme | ലളിതമായ കളികൾ ആംഗ്യപ്പാട്ടുകൾ അവതരിപ്പിക്കൽ | | | |
| 9.IT | ചിത്രങ്ങൾ അടങ്ങിയ CD പ്രദർശിപ്പിക്കുന്ന ചിത്രത്തെ കുറിച്ച് പറയൽ എഴുതൽ കഥകൾ കേൾക്കാൻ അവസരം നൽകൽ ഇംഗ്ലീഷ് കാർട്ടൂൺ പ്രദർശനം | June to March | Class Teachers | |
| 10.English Diary | ക്ലാസ് പ്രവർത്തനങ്ങൾ ഇംഗ്ലീഷിൽ അവതരിപ്പിക്കൽ | Once in a Month | Class Teacher | |
| 11.English Fest | എല്ലാ ക്ലാസ് പ്രവർത്തനങ്ങളെയും ഏകോപിപ്പിച്ചുകൊണ്ട് സ്കൂൾ തല ഫസ്റ്റ് സംഘടിപ്പിക്കൽ | January | All Teachers, PTA | 5000 |

## വിഷയം :മലയാളം

### ലക്ഷ്യം:എല്ലാ വിദ്യാർത്ഥികളിലും പഠന നേട്ടം നേടിയെടുക്കുക അന്താരാഷ്ട്ര നിലവാരത്തിലേക്ക് എത്തിക്കുക

**എല്ലാ കുട്ടികൾക്കും അതാത് ക്ലാസുകളിൽ തന്നെ നേടേണ്ട ഭാഷാശേഷികൾ ഉറപ്പിക്കുവാനുള്ള സാഹചര്യം ഒരുക്കി രക്ഷിതാവ് സാഹചര്യം കുട്ടി എന്നീ മൂന്ന് ഘടകങ്ങൾ പരിഗണിച്ചുകൊണ്ട് പിന്നോക്കാവസ്ഥ പരിഹരിക്കുകയും സർഗാത്മക ശേഷികൾ ഉയർത്തിക്കൊണ്ടുവരാനുമുള്ള വിവിധയിനം പ്രവർത്തനങ്ങളിലൂടെ അവസരം ഒരുക്കുന്നു**

| പ്രവർത്തനം | പ്രവർത്തന വിശദാംശങ്ങൾ | കാലം | ചുമതല | Fund |
|---|---|---|---|---|
| 1.പ്രീ ടെസ്റ്റ് | പിന്നോക്കക്കാരെ കണ്ടെത്തുന്നു. | June to August | Class Teacher PTA,BRC | 100 |
| 2. അക്ഷരം ചിഹ്നം ഉറപ്പിക്കൽ | ചിത്രങ്ങളിലൂടെയും വിവിധ പ്രവർത്തനങ്ങളിലൂടെയും അക്ഷരങ്ങൾ ചിഹ്നങ്ങൾ എന്നിവ ഉറപ്പിക്കുന്നു . | June to March | Class Teacher PTA,BRC | |
| 3.വ്യക്തിഗത രചന വായന | കത്തെഴുത്ത് കഥാപൂരണം കവിത പൂരണം സംഭാഷണ കവിതകൾ പോസ്റ്ററുകൾ ചുമർപത്രിക തുടങ്ങിയവ നിർമ്മിക്കൽ | June to March | Class Teacher PTA | |
| 4. പത്രവായന | അസംബ്ലിയിൽ പത്രവായന പത്ര ക്വിസ് വാർത്ത തയ്യാറാക്കൽ സ്കൂൾ സംഭവങ്ങൾ പത്ര വാർത്തയാക്കൽ വായനക്കുറിപ്പ് അവതരണം | June to March | SRG Convenor, PTA | |

| | | | | |
|---|---|---|---|---|
| 5. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ | ക്ലാസ് സ്കൂൾതല ലൈബ്രറി സജ്ജമകൾ അസംബ്ലി ബാലസഭ എന്നിവയിൽ വായന കുറിപ്പ് അവതരണം<br>മികച്ച വായന കുറിപ്പ് കണ്ടെത്തി | August to March<br>June to March | SRG, Class teacher<br>Teachers,SRG, PTA | |
| 6. സമീപ ഗ്രന്ഥശാല അംഗത്വം | അംഗത്വം എടുക്കൽ പുസ്തക വായന എഴുത്ത് പ്രോത്സാഹനം എന്റെ പുസ്തകം പ്രകാശനം | June to March | Class teacher | |
| 7.അമ്മ വായന | സ്കൂൾ ലൈബ്രറിയിൽ നിന്ന് അമ്മമാർക്ക് പുസ്തകം നൽകൽ വായനാമുറി വായന കുറിപ്പ് കണ്ടെത്തൽ സാഹിത്യ സമാജം നോട്ടീസ് പോസ്റ്റർ നിർമ്മാണം | Sep to March | SRG,PTA | |
| 8.വായനോത്സവം സംഘടിപ്പിക്കൽ | കുട്ടികളുടെ കൂട്ടായ്മയോഗം സംഘടിപ്പിക്കൽ വായിച്ച പുസ്തകത്തിന്റെ അനുഭവം പങ്കുവെക്കൽ വായനാക്കുറിപ്പ് ആസ്വാദനക്കുറിപ്പ് പ്രകാശനം അധ്യാപകരുടെ പുസ്തകം പരിചയപ്പെടുത്തൽ വായിച്ച കൃതികളുടെ രംഗവിഷ്കാരം നാടകാവതരണം വാങ്ങുമായി ചിത്രങ്ങൾ രൂപീകരിക്കൽ | June to March | PTA,Teachers | 500 |
| 9.വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം | വായന എഴുത്ത് മെച്ചപ്പെടുത്തൽ വേണ്ട പ്രവർത്തനങ്ങൾ ആസൂത്രണം സ്വന്തം സൃഷ്ടികൾ പരിചയപ്പെടുത്തൽ വിവിധ മത്സരങ്ങൾ സംഘടിപ്പിക്കൽ | | HM,Teachers | 2000 |

| | | | | |
|---|---|---|---|---|
| | സാഹിത്യകാരന്മാരെ ക്ഷണിക്കൽ | | | |
| 10.സ്കൂൾ ബാലസഭ | ബാലസഭ രൂപീകരണം സൃഷ്ടിക്കൽ പരിചയപ്പെടുത്തൽ പ്രകാശനം അവതരണം | | Teachers,PTA | 1000 |
| 11.ദിനാചരണങ്ങൾ | മത്സരങ്ങൾ സംഘടിപ്പിക്കുന്ന ജ്യൂസ് അസംബ്ലിയിൽ അവതരണം മഹത് വ്യക്തികളുടെ സാന്നിധ്യം ഉറപ്പാക്കൽ അഭിമുഖം ഫീൽഡ് ടിപ്പ് | Special Days | Teachers,PTA | 2500 |
| 12.E. വായന സാധ്യത | വിക്കിപീഡിയ പരിചയപ്പെടുത്തൽ ക്ലബ്ബ് രൂപീകരണം നെറ്റിൽ നിന്നും വിവരം ശേഖരിക്കൽ വിവിധ കൃതികൾ കവിത എന്നിവയുടെ വീഡിയോ പ്രദർശനം | | | |
| 13.രചയിതാക്കളെ പരിചയപ്പെട ◌ാൻ | കൃതികൾ പരിചയപ്പെടുത്തൽ രചയിതാവിന്റെ ചിത്രം കുറിപ്പ് പ്രദർശിപ്പിക്കും പതിപ്പ് നിർമ്മാണം പവർ പോയിൻറ് പ്രസന്റേഷൻ | | Teachers,PTA, BRC | 25000 |
| 14. പഠനയാത്ര | ആർട്ട് ഗ്യാലറി സന്ദർശനം | | PTA,Teachers | 20000 |



## വിഷയം: ഗണിതം

**ലക്ഷ്യം :എല്ലാ വിദ്യാർത്ഥികളിലും സംഖ്യാബോധം ചതുഷ്ക്രിയകൾ എന്നിവ ഉറപ്പിക്കൽ**


**ഗണിതം ആസ്വദിക്കാൻ കഴിയുന്ന തരത്തിലേക്ക് കുട്ടിയെ വളർത്തുക, കൃത്യതയോടും സൂക്ഷ്മതയോടും കാര്യങ്ങൾ ചെയ്യുന്നതിനും , പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ഗണിതശേഷി ഉയർത്തുന്നതിനും വിവിധയിനം പ്രവർത്തനങ്ങളിലൂടെ അവസരം ഒരുക്കുന്നു.**

| പ്രവർത്തനം | പ്രവർത്തന വിശദാംശങ്ങൾ | കാലം | ചുമതല | Fund |
|---|---|---|---|---|
| 1.ഗണിതത്തിന്റെ ആവശ്യകത ഗണിത പഠനത്തിൽ കുട്ടികൾക്ക് അഭിരുചി വളർത്തുക. | സെമിനാർ സംഘടിപ്പിക്കുക. ഗണിതശാസ്ത്രജ്ഞന്മാരുടെ ജീവചരിത്രം പരിചയപ്പെടുത്തൽ. | January to February | HM,SRG Convenor | 1000 |
| 2.ഗണിതവുമായി ബന്ധപ്പെട്ട പിന്നോക്ക അവസ്ഥ പരിഹരിക്കാൻ | പ്രീ ടെസ്റ്റ് നടത്തുന്നു. മൂല്യനിർണയം റിപ്പോർട്ട് തയ്യാറാക്കൽ. എസ് ആർ ജിയിൽ അവതരണം, സംഖ്യ ബോധം ഉറപ്പിക്കുന്നതിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾ സംഖ്യാ കാർഡ് ,സംഖ്യ മാല, ബാക്കസ് ,കളികൾ ,വർക്ക് ഷീറ്റ്, സംഖ്യ ചക്രം, കല്ല് ,മഞ്ചാടി, മുത്ത് ,തുടങ്ങിയവ. സംഖ്യ ബോധം ഉറപ്പിക്കൽ സംഖ്യാ ശ്രേണി സംഖ്യ പാറ്റ ഗണിത പസിലുകൾ സംഖ്യ ഹിറ്റുകൾ. | June to March | Class Teacher,SRG | 5000 |

| | | | | |
|---|---|---|---|---|
| 3. യുക്തിചിന്ത മനക്കണക്കുകൾ ഇവയിൽ പ്രാവീണ്യ നേടുന്നതിന്. | മാന്ത്രിക ചതുരം പസിലുകൾ കലണ്ടറുകൾ വർക്ക് ഷീറ്റുകൾ കളികൾ എഴുതിയ ചാർട്ട് ചോദ്യാവലി ബുള്ളറ്റിൻ ബോർഡിൽ പ്രദർശിപ്പിക്കാൻ കളിനോട്ടുകൾ സംഖ്യ ക്രമീകരണം. | July to March | Teachers, SRG Convenor | |
| 4.ഗണിത പഠനം ആസ്വാദ്യകരമാക്കുക | ഗണിത കേളികൾ ഗണിത മൂല സജ്ജീകരണം ഗണിത പാട്ടുകൾ ഗണിത കഥകൾ ഐസിടി ഗണിത ക്ലബ്ബ് രൂപീകരണം. | 1 year | | 2000 |
| 5.ചതുഷ്ക്രിയകൾ ഫലപ്രദമായി വിനിയോഗിക്കുന്നതിന്. | സംഖ്യ ചിത്രീകരിക്കൽ ഗണിത മൂലയിലേക്ക് ആവശ്യമായ സാമഗ്രികളിലൂടെ ശേഖരണം ക്ലോക്ക് ഉൾക്കപ്പെട്ട ത്രാസ് ഗണിത രൂപങ്ങൾ മീറ്റർ സ്കെയിൽ കളവു പാത്രങ്ങൾ ഈർക്കിൽ മഞ്ചാടി പുളിങ്കുരു മുത്ത് അബാക്കസ് ഗണിതരൂപങ്ങൾ. | 1 year | Class Teacher Leader | 5000 |
| 6. ഗണിത മാഗസിൻ | ഗണിത പ്രവർത്തനങ്ങൾ പാറ്റേണുകൾ ചിത്രങ്ങൾ സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് വിവരങ്ങൾ ആനുകാലിക സംഭവങ്ങൾ എന്നിവ ഉൾപ്പെടുത്തി മാഗസിൻ തയ്യാറാക്കൽ പ്രദർശനം. | 1 year | Teachers, Students | |

| | | | | |
|---|---|---|---|---|
| 7.മനക്കണക്കുകൾ | സ്കൂളിൽ / ക്ലാസിൽ പൊതുവായി ചോദ്യം ഉന്നയിക്കുന്നു മനസ്സിൽ മാത്രം ചെയ്തു നിശ്ചിത സമയത്തിനുള്ളിൽ ഉത്തരം കണ്ടെത്തുന്നു അതാതു ക്ലാസിലെ പാഠ്യപദ്ധതിയുമായി ബന്ധപ്പെട്ടതും ചിന്താശേഷി ഉണർത്തുന്ന പ്രവർത്തനങ്ങൾ. | 1 year | Teachers, Students | |
| 8.ഉത്തര പെട്ടി | ഗണിത പ്രശ്നങ്ങൾ സ്കൂൾ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നു ഉത്തരം കണ്ടെത്തി പെട്ടിയിൽ നിക്ഷേപിക്കുന്നു വിജയിയെ കണ്ടെത്തുന്നു. | | | |
| 9.ഗണിത ക്വിസ് | ഗണിതവുമായി ബന്ധപ്പെട്ട ക്വിസ് മത്സരം പ്രതിഭകൾക്കായുള്ള ക്ലാസിലും തുടർന്ന് സ്കൂളിലും നടത്തുന്നു. | | Teachers, SRG Convenor | |
| 10.ഗണിത ലാബ് | ഗണിതം റഫറൻസ് ബുക്കുകൾ വർക്കിംഗ് മോഡൽ ചുമർ ഗണിത ചിത്രങ്ങൾ മെട്രിക് ഉപകരണങ്ങൾ അബാക്കസ് ജാമിതീയ രൂപങ്ങൾ എന്നിവ അതാത് ക്ലാസുകൾക്ക് അനുയോജ്യമായത് തിട്ടപ്പെടുത്തുക. | August to March | Teachers, BRC,PTA, SRG | 5000 |

| | | | | |
|---|---|---|---|---|
| 11.ലിറ്റിൽ മാസ്റ്റർ | ഗണിതശാസ്ത്രത്തിൽ മികച്ച അഞ്ചു കുട്ടികളെ കണ്ടെത്തി വർഷാവസാനം Little Master of Maths ആയി തിരഞ്ഞെടുക്കുന്നു. സമ്മാനം നൽകുന്നു. | March | Teachers,PTA | 200 |
| 12.ചുറ്റുപാടുമായി ബന്ധപ്പെട്ട ഗണിത പഠനം മുന്നോട്ടുപോകുന്നത് | ഗണിത മേളകൾ സംഘടിപ്പിക്കുക. പഠനോപകരണ ശില്പശാലകൾ പഠനയാത്രകൾ ഗണിത ലാബുകൾ സന്ദർശിക്കുക പ്രകൃതിയുടെ ഗണിത പാറ്റേൺ ആസ്വദിക്കുന്നതിനുള്ള അവസരം ഒരുക്കുക. | December to March | PTA,MPTA, Maths Club | 3000 |



## വിഷയം: പരിസര പഠനം

## ലക്ഷ്യം: പരീക്ഷണ നിരീക്ഷണങ്ങളിലൂടെ ശാസ്ത്ര പഠനത്തിൽ താൽപര്യം ജനിപ്പിക്കുക.

| പ്രവർത്തനം | പ്രവർത്തന വിശദാംശങ്ങൾ | കാലം | ചുമതല | Fund |
|---|---|---|---|---|
| 1.നിരീക്ഷണം, താരതമ്യം, വർഗ്ഗീകരണം, പരീക്ഷണം, നിഗമനം തുടങ്ങിയ പ്രക്രിയ ശേഷികളിലൂ ടെ ശാസ്ത്ര പഠനത്തിൽ താല്പര്യമുണ്ടാ ക്കൽ. | ശാസ്ത്ര മൂല ഒരുക്കൽ വിവിധ പഠന പ്രവർത്തനങ്ങൾക്ക് ആവശ്യമായ സാമഗ്രികൾ ശേഖരിക്കൽ. (വാർത്തകൾ, ചിത്രങ്ങൾ, പരീക്ഷണ സാമഗ്രികൾ, ശാസ്ത്രപുസ്തകങ്ങൾ) ജൈവവൈവിധ്യ പാർക്ക്, പച്ചക്കറിത്തോട്ടം, ലഘുപരീക്ഷണങ്ങളിൽ ഏർപ്പെടൽ. | 1 year | PTA,Class Teachers,SRG | 3000 |
| 2.ലഘുപരീക്ഷ ണങ്ങളിലൂടെ ശാസ്ത്രീയ കണ്ടുപിടിത്ത ങ്ങൾ പ്രോത്സാഹിപ്പ ിക്കുന്നതിന്. | ലഘുപരീക്ഷണങ്ങൾ കണ്ടെത്താൻ പരീക്ഷണം ചെയ്യൽ, ആവശ്യമായ സാമഗ്രികൾ ശേഖരിക്കാൻ, നിഗമന രൂപീകരിക്കാൻ. | 1 year | SRG,Students, PTA | 3000 |
| 3.ശാസ്ത്ര ക്ലബ്ബ് | ശാസ്ത്രസാഹിത്യ പുസ്തകങ്ങൾ ശേഖരണം, ബുള്ളറ്റിൻ ബോർഡ് പ്രദർശനം, മികച്ച കുട്ടി ശാസ്ത്രജ്ഞനെ കണ്ടെത്തൽ, ശാസ്ത്ര സാഹിത്യകാരനും ആയി | June to March | Teachers, Students,PTA | 2000 |

| | | | | |
|---|---|---|---|---|
| 4.ശാസ്ത്ര ക്യാമ്പുകൾ | അഭിമുഖം, ഫീൽഡ് ട്രിപ്പ്, ശാസ്ത്രജ്ഞരെ പരിചയപ്പെടൽ, കുറിപ്പ് തയ്യാറാക്കൽ, ആൽബനിർമ്മാണം, പതിപ്പ് നിർമ്മാണം, ചുമർപത്രിക നിർമ്മാണം.<br><br>വാനനിരീക്ഷണം, പരീക്ഷണങ്ങളിൽ ഏർപ്പെടാൻ, സെമിനാർ അവതരണം, ശാസ്ത്ര സാഹിത്യകാരന്മാരുടെ ക്ലാസ്, ശാസ്ത്രപകരണങ്ങളുടെ നിർമ്മാണം, ശാസ്ത്രവുമായി ബന്ധപ്പെട്ട കഥ, കവിത, ജീവിത ചരിത്രക്കുറിപ്പ് അവതരണം, CD പ്രദർശനം, കുറിപ്പ് തയ്യാറാക്കൽ. | | SRG,BRC, Panchayath | 500 |



**വിഷയം: അറബി**

**ലക്ഷ്യം: അറബി ഭാഷ പഠിക്കുവാനും കോഴിക്കോട് സംസാരിക്കാനും ഉള്ള കഴിവ് കുട്ടികളിൽ വികസിപ്പിക്കുക.**

| പ്രവർത്തനം | പ്രവർത്തന വിശദാംശങ്ങൾ | കാലം | ചുമതല | Fund |
|---|---|---|---|---|
| 1.Pre Test | മുന്നറിവ് പരിശോധന, കുട്ടികളെ തരംതിരിക്കൽ, S R G യിൽ അവതരണം, പഠന സാമഗ്രികൾ തയ്യാറാക്കൽ. | | | |
| 2. അക്ഷരങ്ങൾ ഉറപ്പിക്കൽ | അക്ഷര കാർഡുകൾ, ഭാഷ കേളികൾ, വർക്ക് ഷീറ്റുകൾ ,C D പ്രദർശനം . | June to March | BRC,PTA, Teachers | 1000 |
| 3.വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസ് റൂമിൽ ഒരുക്കുക. | വായനാ വസന്തം:- വായനാമത്സരം ,ക്ലാസ്സ് ലൈബ്രറി, സ്കൂൾ ലൈബ്രറി ശാസ്ത്രീകരണം, E- വായന. എഴുത്തു ഉത്സവം:- എഴുത്തുകൂട്ടം ,പതിപ്പ് നിർമ്മാണം, വായനാക്കുറിപ്പ്, ചുമർപത്രങ്ങൾ ,ക്വിസ്, പോസ്റ്ററുകൾ. | 1 years | PTA,BRC. Teachers | 500 |
| 4.അറബിക് ആശയവിനിമയം | ആശയവിനിമയവേദി, അറബിക് അധ്യാപകനുമായി അഭിമുഖം ,പഠനയാത്ര. | Twice in a year | SRG,Arabic Teacher | 2500 |

| | | | | |
|---|---|---|---|---|
| 5.അറബിക് മേള | നാടകം, മോണോ ആക്ട് ,പ്രസംഗം, സംഭാഷണം, ഭാഷാപ്രദർശനം, ഭാഷാ ക്യാമ്പ് ,I C T ,CD ഉപയോഗപ്പെടുത്തൽ. | 2 year | SRG,PTA | 2000 |
| 6.അറബിക് ലാബ് | സ്മാർട്ട് ക്ലാസ്സ് റൂം, അറബി ഭാഷാ സാഹിത്യ ശേഖരങ്ങൾ, ചിത്രീകരണങ്ങൾ, സിനിമ ,ആനിമേഷൻ, സോഷ്യൽ മീഡിയ ആക്ടിവിറ്റി. | June to March | SRG,PTA | 5000 |
| 7.അറബിക് അസംബ്ലി | കുറിപ്പുകൾ വായിക്കൽ, പുസ്തകം പരിചയപ്പെടുത്തൽ, സാഹിത്യകാരന്മാരെ പരിചയപ്പെടുത്തൽ. | June to March | Arabic Teacher | |
| 8.എഴുത്തിന്റെ ലോകം | ക്ലാസ് മാസിക നിർമ്മാണം, ചുമർപത്രിക നിർമ്മാണം, വായന കാർഡ് നിർമ്മ... | June to March | SRG,PTA | 1000 |
| 9.സർഗാത്മക കഴിവുകളെ പരിപോഷിപ്പിക്കുക. | മികച്ച പ്രതിഭകളെ കണ്ടെത്തൽ ആദരിക്കൽ. | August to March | SRG,Arabic Teacher | 500 |
| 10.ഡിക്ഷണറി നിർമ്മാണം. | പാഠഭാഗവുമായി ബന്ധപ്പെട്ട പദങ്ങളുടെ അർത്ഥം കണ്ടെത്തി നിഘണ്ടു നിർമ്മാണത്തിലേർപ്പെടുന്നു. | June to March | Arabic Teacher, Students,PTA | 1000 |

## വിഷയം: കലാകായിക വിദ്യാഭ്യാസം

### ആമുഖം

സർഗ്ഗ പരവും കലാപരവുമായ കഴിവുകൾ കണ്ടെത്തുവാനും വികസിപ്പിക്കാനും പ്രോത്സാഹിപ്പിക്കാനും അവസരം ഒരുക്കുമ്പോഴാണ് വിദ്യാലയം മികവിന്റെ കേന്ദ്രമായി മാറുക. ജീവിതശൈലി രോഗങ്ങൾ വർധിച്ചുവരുന്ന സാഹചര്യത്തിൽ സ്കൂൾ പ്രായം മുതൽ കുട്ടികൾക്ക് വ്യായാമത്തിന് പ്രാധാന്യം നൽകേണ്ടതുണ്ട്. ഓരോ കുട്ടിയുടെയും കായികക്ഷമത വികസിപ്പിക്കുന്നതോടൊപ്പം ഈ മേഖലയിലെ പ്രതിഭകളെ കണ്ടെത്തേണ്ട തരത്തിൽ ആയിരിക്കണം കലാകായിക വിദ്യാഭ്യാസം നൽകേണ്ടത്.

### ലക്ഷ്യം:

- **വിദ്യാലയത്തിൽ എത്തുന്ന എല്ലാ കുട്ടികളുടെയും കലാകായിക പ്രവർത്തി പരിചയ മേഖലകളിലെ കഴിവുകൾ വികസിപ്പിക്കുക.**
- **ടാലൻറ് ലാബ് എന്ന ആശയം സാക്ഷാത്കരിക്കുക.**
- **വിദ്യാലയത്തിന്റെ പരിമിതികൾ മറികടക്കുന്നതിനായി പ്രാദേശിക വൈദ്യം പ്രയോജനപ്പെടുത്തുക.**
- **കലാകായിക പ്രവർത്തി പരിചയ വിദ്യാഭ്യാസത്തിന് ഹൈടെക് സാധ്യത പ്രയോജനപ്പെടുത്തുക.**

| പ്രവർത്തനം | പ്രവർത്തന വിശദാംശങ്ങൾ | കാലം | ചുമതല | Fund |
|---|---|---|---|---|
| 1.കുട്ടികളുടെ കഴിവിന്റെ മേഖലകൾ കണ്ടെത്തൽ. | ക്ലാസ് അടിസ്ഥാനത്തിൽ കുട്ടികളുടെ താല്പര്യ മേഖലകൾ കണ്ടെത്തി തരംതിരിച്ച് ക്രോഡീകരിക്കുന്നു. | August | Class Teacher | |

| | | | | |
|---|---|---|---|---|
| 2.വിദഗ്ധരുടെ സേവനം ലഭ്യമാക്കൽ<br><br>3.പ്രവർത്തന പദ്ധതി തയ്യാറാക്കൽ | വിവിധയിനങ്ങൾ പരിശീലിപ്പിക്കുന്ന കഴിവുള്ള പ്രാദേശിക വിദഗ്ധരുടെ ലിസ്റ്റ് തയ്യാറാക്കലും അവരുടെ സേവനം പ്രയോജനപ്പെടുത്തി വിദ്യാർത്ഥികളുടെ കായികക്ഷമത പരിശോധിക്കുന്നു.<br><br>ആവശ്യമായ ഉപകരണങ്ങൾ ലിസ്റ്റ് ചെയ്യൽ സമാഹരിക്കൽ<br><br>കുട്ടികളുടെ നിലവാരത്തിനനുസരിച്ച് സ്കൂൾ ഗ്രൗണ്ട് കായിക പരിശീലനത്തിന് അനുഗുണമാക്കി മാറ്റൽ.<br><br>കലാ ക്യാമ്പുകൾ സംഘടിപ്പിക്കൽ.<br><br>കരകൗശല നിർമ്മാണ ശില്പശാല പ്രവർത്തിപരിചയ ശില്പശാല പ്രദർശനം സംഘടിപ്പിക്കൽ.<br><br>പാഠഭാഗവുമായി ബന്ധിപ്പിച്ച് നാടകം സംഗീതശില്പം ചിത്രീകരണം നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവ സംഘടിപ്പിക്കാൻ. | August to March | SRG,HM,PTA | 5000 |
| 4.അത്‌ലറ്റിക്സ് | കായിക പരിശീലനം എല്ലാ | July to March | Class Teacher | |

| | | | | |
|---|---|---|---|---|
| | ക്ലാസ്സുകാർക്കും എല്ലാ ആഴ്ചയിലും ഓരോ മാസത്തിലും പുതിയ ഇനങ്ങൾ അഭ്യസിപ്പിക്കൽ. | | | |
| 5. കലാസദ്യ | അസംബ്ലിയിൽ കലാപരിപാടി അവതരിപ്പിക്കാൻ എല്ലാ കുട്ടികൾക്കും അവസരം നൽകാൻ ദിനാചരണം ബാലസഭ വിദ്യാരംഗം സാഹിത്യ സമാജം എന്നിവയെ കലാപരമായ ശേഷി വികസനത്തിനുള്ള അവസരമാക്കി മാറ്റൽ വൈവിധ്യമുള്ള ഇനങ്ങൾ ഉൾപ്പെടുത്തൽ. | June to March | SRG,PTA, MPTA,BRC | 10000 |
| 6.സാഹിത്യ സമാജം | കുട്ടികളുടെ കലാപരിപാടികൾ അവതരിപ്പിക്കുവാനുള്ള അവസരം ഒരുക്കൽ. | Once in a Month | | |



